
International Monthly Bilingual (Tamil & Malayalam) Journal of Art, Literature, History, Research, & Translation
கலை, இலக்கியம், வரலாறு, ஆய்வு & மொழிபெயர்ப்புக்கான பன்னாட்டு இருமொழி திங்கள் ஆய்விதழ்
மலர் 1 இதழ் 17 – 2056 வைகாசி 2025 May Vol :1 Issue:17

# രണ്ട് ഗ്രാം ആന

തമിഴ് സൃഷ്ടി : ജേ . മഞ്ചുള ദേവി
ചിത്രരചന : ഷാരാജ്

മലയാള മൊഴിമാററം : ഇ . ജാനകിപ്രിയ &
സീമ രാജ് ശങ്കർ



1. **അനുഗ്രഹം**

കാട് തട്ടിയെടുത്ത്
ഒരു വാഴപ്പഴം കൊടുക്കുന്ന
മനുഷ്യരോട് ആന ക്ഷമിക്കുമ്പോഴാണ്
ആന അനുഗ്രഹം ചൊരിയുന്നതെന്ന് നമ്മൾ പറയുന്നത്


---

2. **പിയാനോയിൽ എൺപത്തിയെട്ട് ആനക്കൊമ്പുകൾ**

പിയാനോ ബോർഡിന്റെ
വെളുത്ത കട്ടകൾ കയറി കയറി താഴുന്നു
കൊമ്പുകൾ അഴിച്ചുമാറ്റിയ ആനക്കൂട്ടം
കമ്പിക്കിന്നരപ്പെട്ടിയുടെ ഉള്ളിൽ
എൺപത്തിയെട്ട് തവണ കയറി താഴുന്നു
ഒടുവിൽ, എല്ലാ കട്ടകളും
ഒറ്റ അമർത്തലിൽ ഉച്ചത്തിൽ വിലപിച്ചു

" ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ അറിയുന്നില്ല
പിതാവേ, ഇവരോട് ക്ഷമിക്കരുതേ "

---



*3.* **ഉരുൾ രഥം**


രഥം നീങ്ങുന്നത് മനുഷ്യരാലാണെന്ന്
മനുഷ്യരെ വിശ്വസിപ്പിക്കാൻ
അറിയാം
രഥം തള്ളിക്കൊണ്ടുപോകുന്ന ആനയ്ക്ക്.

---

*4.* **വാൽ എന്നാൽ വെറും വാൽ മാത്രമല്ല**

ചരിത്രത്തിലുടനീളം ഉണ്ടായിട്ടുണ്ട്
വാലുകൾ നഷ്ടപ്പെട്ട ആനകളുടെ ദുർഗന്ധം
മുറിഞ്ഞ വാലുകൾ
വേട്ടക്കാരന്റെ അഭിമാനമാണ്
വേട്ടക്കാർക്ക്
അറിയില്ല
വാൽ എന്നാൽ വെറും വാൽ മാത്രമല്ല
കുഞ്ഞുങ്ങൾ പിടിച്ചു നടക്കുന്ന
കൈ വിരലുകളാണിവ

---



*5.* **വശീകരിക്കുന്ന മന്ത്ര വാക്കു**
ആന
അങ്കുശത്തിന്റെ ഇരുമ്പ് സൂചിയെ പേടിക്കുന്നെന്നു കരുതുന്നവർക്ക്,
അറിയില്ല
അങ്കുശം എന്നാൽ
സ്നേഹത്തിന്റെ വശീകരണം എന്ന്.

*6.* **പാഠം**
ആയിരം ആനകളെ
കൊന്നവരെ
അനുസ്മരിപ്പിക്കുന്ന
പാട്ടാണ് ഭരണി
ഒരു ശബ്ദം തടസ്സപ്പെടുത്തുന്നു...
ടീച്ചർ
ആയിരം ആനകളെ
വളർത്തിയവർക്ക്
പാട്ടുണ്ടോ?

---



*7.* **ആസനം**
ആനപ്പുറത്ത് കവിയെ
കയറ്റുന്നതിനു മുമ്പ്,
രാജാവ് പറഞ്ഞിരുന്നോ?
ആനപ്പുറത്ത് ഇരിക്കാൻ
അൽപ്പം ബുദ്ധിമുട്ടായിരിക്കുമെന്ന്

*8.* **ഒരു ആനയുമായി ഇടപഴകാൻ**
മനുഷ്യൻ ആനയാകണം
ആന മനുഷ്യനാകണം.